
# ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ്, മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പ്, കാതോലിക്കോസ്, പ്രസിഡന്റ്, സി.ബി.സി.ഐ., കെ.സി.ബി.സി. സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ വിശുദ്ധപദവിപ്രഖ്യാപന കൃതജ്ഞതാബലിയിൽ നടത്തിയ പ്രഭാഷണം

*24 നവംബർ 2014*



*സീറോ-മലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് അത്യഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവേ, സഹകാർമ്മികരായ അഭിവന്ദ്യ മെത്രാപ്പോലീത്താമാരേ, ഭാരത ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതിയുടെ ജനറൽ സെക്രട്ടറി അഭിവന്ദ്യ ഡോ. വർഗ്ഗീസ് ചക്കാലയ്ക്കൽ പിതാവേ, വത്തിക്കാൻ കൂരിയായിൽ പരി. പിതാവിനോടൊപ്പം ശുശ്രൂഷ ചെയ്യുന്ന കേരള സഭയുടെ പ്രതിനിധിയായ അഭിവന്ദ്യ ഡോ. ജോസഫ് കളത്തിപ്പറമ്പിൽ പിതാവേ, സീറോ-മലബാർ സഭയിൽ നിന്നുള്ള മിഷണറി മെത്രാന്മാരുടെ പ്രതിനിധിയായി ഇവിടെ സന്നിഹിതനായിരിക്കുന്ന മഡഗാസ്കറിൽ നിന്നുള്ള അഭിവന്ദ്യ ജോർജ്ജ് പിതാവേ, അഭിവന്ദ്യ പിതാക്കന്മാരേ, ഭാരത സർക്കാരിന്റെയും കേരള ഗവൺമെന്റിന്റെയും ഔദ്യോഗിക പ്രതിനിധികളായി ഇവിടെ സന്നിഹിതരായിരിക്കുന്ന ബഹു. മന്ത്രിമാർ, എം.പി., എം.എൽ.ഏ., കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ ഡോ. കെ.എസ്. രാധാകൃഷ്ണൻ, സി.എം.ഐ. സന്യാസ സമൂഹാംഗങ്ങളെ, സി.എം.സി. സിസ്റ്റേഴ്സ്, ബഹു. വൈദികരേ, ബഹു. സിസ്റ്റേഴ്സ്, സഹോദരീ സഹോദരന്മാരേ, എല്ലാവർക്കും കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം!*

*കുട്ടനാട്ടിലെ കൈനകരിയിലും വരാപ്പുഴയിലെ കൂനമ്മാവിലും കോട്ടയത്തെ മാന്നാനം കുന്നിലും സുപരിചിതമായ നാമം – ചാവറ കുര്യാക്കോസ് ഏലിയാസ് വിശുദ്ധരുടെ ലുത്തിനിയായിൽ സ്ഥാനം പിടിച്ചിരിക്കുന്നു! തൃശ്ശൂർ ജില്ലയിലെ കാട്ടൂർ ഗ്രാമത്തിലെ എലവുത്തിങ്കൽ കുടുംബത്തിന്റെ റോസാ വിശുദ്ധ എവുപ്രാസിയ ആയി രൂപാന്തരപ്പെട്ടിരിക്കുന്നു. കാട്ടൂരും അമ്പഴക്കാടും ഒല്ലൂരും റോസയിൽ നിന്ന് വി. എവുപ്രാസിയാമ്മയിലേക്കുള്ള വഴിയാത്രയിലെ വിളക്കുകളായി ശോഭിക്കുന്നു. ഭാരതസഭയുടെ ഈ ധീരസന്താനങ്ങളെ ആഗോള തിരുസഭയിലെ വിശുദ്ധർ എന്ന് നാമകരണം ചെയ്ത് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പാ നമ്മെ അനുഗ്രഹിച്ചതിന്റെ ആത്മസന്തോഷം വി. കുർബ്ബാന അർപ്പണത്തിലൂടെ പങ്കുവച്ച് പ്രാർത്ഥിക്കുന്ന ഈ അനുഗ്രഹീത മുഹൂർത്തത്തിന് ഭാരത കത്തോലിക്കാ സഭയുടെയും കേരള കത്തോലിക്കാസഭയുടെയും പ്രസിഡന്റ് എന്ന നിലയിലും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അദ്ധ്യക്ഷൻ എന്ന നിലയിലും ഹൃദയം നിറഞ്ഞ*